LIBRARY ARCHIVES Kerala Legislative Assembly

ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ

134. [2520] ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച മത്സ്യബന്ധന വള്ളങ്ങൾക്ക് ഇപ്പോൾ സബ്സിഡി നിരക്കിൽ എത്ര ലിറ്റർ മണ്ണെണ്ണ വീതം നൽകുന്നുണ്ട്;

(ബി) ഇതുസംബന്ധിച്ച് വള്ളങ്ങളുടെ വെരിഫിക്കേഷൻ അവസാനമായി നടത്തിയത് എന്നാണ്;

(സി) അടിയന്തിരമായി വീണ്ടും വെരിഫിക്കേഷൻ നടത്തുവാൻ നിർദ്ദേശിക്കുമോ;

(ഡി) 2000-നുശേഷം രജിസ്റ്റർ ചെയ്ത വള്ളങ്ങൾക്കു മാത്രം സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 9.9 എച്ച്. പി. വരെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് പ്രതിമാസം 300 ലിറ്ററും അതിനുമുകളിൽ 40 എച്ച്. പി. വരെയുള്ള എഞ്ചിനുകൾക്ക് പ്രതിമാസം 450 ലിറ്ററും മണ്ണെണ്ണയാണ് അനുവദിച്ചിട്ടുള്ളത്. സബ്സിഡി നിരക്കിൽ പ്രതിമാസം ആകെ 2548.40 കിലോലിറ്റർ മണ്ണെണ്ണ നൽകിവരുന്നുണ്ട്.

(ബി) 14-12-2003-ൽ.

(സി) അടിയന്തിരമായി സംയുക്ത വെരിഫിക്കേഷൻ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം വിശദമായ പരിശോധനക്കുശേഷമേ തീരുമാനിക്കാനാവൂ.

മത്സ്യബന്ധന തുറമുഖങ്ങൾ

135. [2521] ശ്രീ. എം. എ. വാഹിദ്:
,, സി. പി. മുഹമ്മദ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളുടെ പണികളാണ് നടന്നുവരുന്നത്;

(ബി) ഇവയുടെ പണി എന്നാണ് ആരംഭിച്ചത് എന്നും എന്നേയ്ക്ക് പണി പൂർത്തിയാക്കുവാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ;

(സി) ഇവയുടെ നിർമ്മാണത്തിന് നടപ്പു സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ എന്ത് തുക ചെലവഴിച്ചു;

(ഡി) കേന്ദ്രത്തിൽനിന്നും ഇതിനുവേണ്ടി എന്തു തുക ലഭ്യമാക്കിയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിഴിഞ്ഞം, കായംകുളം, പൊന്നാനി, മുതലപ്പൊഴി, തോട്ടപ്പള്ളി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി നടന്നുവരുന്നു.

(ബി)

| മത്സ്യബന്ധന തുറമുഖം | പണി ആരംഭിച്ചത് | പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്ന വർഷം |
|---|---|---|
| വിഴിഞ്ഞം | 3/1987 | 12/2007 |
| കായംകുളം | 9/1995 | 5/2007 |
| പൊന്നാനി | 4/2000 | 12/2008 |
| മുതലപ്പൊഴി | 5/2000 | 5/2007 |
| തോട്ടപ്പള്ളി | 12/2004 | 3/2008 |

(സി) 28-2-2007-ൽ ചെലവഴിച്ച തുക വരെ

| മത്സ്യബന്ധന തുറമുഖം | ചെലവഴിച്ച തുക |
|---|---|
| വിഴിഞ്ഞം | 4.570 ലക്ഷം |
| കായംകുളം | 608.964 ലക്ഷം |
| പൊന്നാനി | 235.803 ലക്ഷം |
| മുതലപ്പൊഴി | 138.483 ലക്ഷം |
| തോട്ടപ്പള്ളി | 195.907 ലക്ഷം |

(ഡി) കേന്ദ്രത്തിൽനിന്നും നാളിതുവരെ അനുവദിച്ചിട്ടുള്ളത് താഴെ പറയും പ്രകാരമാണ്.

| മത്സ്യബന്ധന തുറമുഖം | കേന്ദ്രത്തിൽനിന്നും ലഭിച്ച തുക |
|---|---|
| വിഴിഞ്ഞം | 690.50 ലക്ഷം |
| കായംകുളം | 300.00 ലക്ഷം |
| പൊന്നാനി | 600.00 ലക്ഷം |
| മുതലപ്പൊഴി | 609.485 ലക്ഷം |
| തോട്ടപ്പള്ളി | 400.00 ലക്ഷം |

## മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ

136. [2522] ശ്രീ. ടി. എൻ. പ്രതാപൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :